പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6076 10/07/2012-ൽ മറുപടിക്ക്

നഗരങ്ങളിലെ പാർക്കിംഗ് സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരങ്ങളിലെ തിരക്കും ഗതാഗതക്കുരുക്കും അനുദിനം വർദ്ധിച്ചു വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സംസ്ഥാന പദ്ധതിയുടെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന നഗരങ്ങളിലെ തിരക്കും, ഗതാഗതകുരുക്കും വിലയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന നഗരങ്ങളിൽ ഇതിനായി നാറ്റ്പാക് മുഖേന ഗതാഗത പഠനം നടത്തിയിട്ടുണ്ട്.<br>ആലപ്പുഴ, കായംകുളം, ആലുവ, അങ്കമാലി, കോതമംഗലം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, ഇടുക്കി, തൊടുപുഴ, കൽപ്പറ്റ, കണ്ണൂർ, കാസർഗോഡ്, കൊല്ലം, കോട്ടയം, കോഴിക്കോട്, വടകര, മലപ്പുറം, പാലക്കാട്, അടൂർ, പത്തനംതിട്ട, തൃശ്ശൂർ, തിരുവനന്തപുരം, നെയ്യാറ്റിൻകര. |
| (ബി) വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യമേഖലയെ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) പാർക്കിംഗ് ബിൽഡിംഗുകൾ/പ്ലാസകൾ/ടവറുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്വകാര്യമേഖലയ്ക്കും പാർക്കിംഗ് സൗകര്യങ്ങൾ വികസിപ്പിക്കാവുന്നതാണ്. |
| (സി) നഗരങ്ങളിലെ സർക്കാർ ഭൂമിയിൽ ബഹുനില പാർക്കിംഗ് സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ